BSNL ഉം SKYLO Tech India Ltd. ഉം സംയുക്തമായി വികസിപ്പിച്ചെടുത്ത BSNL SKYLO Transponder എന്ന ഉപകരണം 9 തീരദേശ ജില്ലകളിലെ 200 യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ വെസ്സൽ മോണിറ്ററിംഗ് സിസ്റ്റമായി ഘടിപ്പിക്കുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അനുബന്ധമായി ചേർക്കുന്നു.*

മത്സ്യത്തൊഴിലാളികൾക്ക് ആശയവിനിമയ ഉപകരണങ്ങൾ

267(573) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കായി ആശയവിനിമയ ഉപകരണങ്ങൾ ഫിഷറീസ് വകുപ്പ് വഴി ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഉപകരണങ്ങളാണ് അവയെന്ന് വ്യക്തമാക്കാമോ?

2011-12 സാമ്പത്തിക വർഷം, കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി കടലിൽ അപകടത്തിൽപ്പെട്ടാൽ അലർട്ട് പുറപ്പെടുവിക്കുന്ന 7262 EPIRB-Radio Beacon വിതരണം ചെയ്തിരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷം ഓഖി ദുരന്ത പശ്ചാത്തലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കായി 941 നാവിക് ഉപകരണങ്ങൾ, 168 സാറ്റലൈറ്റ് ഫോൺ എന്നിവ വിതരണം ചെയ്തിരുന്നു. 2019-20 സാമ്പത്തിക വർഷത്തെ Sea Safety equipments to traditional fishing craft പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ആശയ വിനിമയത്തിനായി ഉപകരിക്കുന്ന തരത്തിലുള്ള 1500 മറൈൻ VHF റേഡിയോകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പദ്ധതിയിലുൾപ്പെടുന്ന മറ്റൊരു component ആയി 64 DAT മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിരുന്നു. നടപ്പുവർഷം 1000 എണ്ണം VHF, GPS വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എത്ര ശതമാനമാണ് സബ്സിഡി എന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

Satellite ഫോണുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 1000 രൂപ നിരക്കിലും ബോട്ടുടമകൾക്ക് 50% subsidy നിരക്കിലുമാണ് വിതരണം ചെയ്യുന്നത്. Marine VHF Radio 75% സബ്സിഡി നിരക്കിലാണ് വിതരണം ചെയ്യുന്നത്.

(സി) പ്രസ്തുത ഉപകരണങ്ങൾ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ എത്ര വള്ളങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

EPIRB- Radio Beacon 231 വള്ളങ്ങൾക്ക് നൽകിയിരുന്നു. VHF Marine Radio- 17 വള്ളങ്ങൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. DAT ആർക്കും അനുവദിച്ചിട്ടില്ല.

(ഡി) ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭിക്കാനായി അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ, മാനദണ്ഡങ്ങൾ എന്നിവ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

എല്ലാ ജില്ലകളിലെയും ഫിഷറീസ് വകുപ്പിന് കീഴിലുള്ള ജില്ലാ ഓഫീസുകളിലും മത്സ്യഭവൻ ഓഫീസുകളിലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ (പകർപ്പ്)

1) യാനമുടമയുടെ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡ്

2) യാനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

3) യാനത്തിന്റെ ലൈസൻസ്/ടി ആർ 5

4) മത്സ്യത്തൊഴിലാളികളുടെ ആധാർ കാർഡ് / വോട്ടർ കാർഡ് / Bio metric ID card

5) മത്സ്യത്തൊഴിലാളികളുടെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ പാസ് ബുക്കിലെ ബന്ധപ്പെട്ട പേജുകൾ.

എഫ്.ഐ.എം.എസ്. ഡാറ്റാ ബേസ്

268(574) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്ത മത്സ്യത്തൊഴിലാളികളെ മാത്രമാണോ എഫ്.ഐ.എം.എസ്. ഡാറ്റാ ബേസിൽ ഉൾപ്പെടുത്തുന്നത്; വിശദമാക്കാമോ?

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത മത്സ്യത്തൊഴിലാളികളെ മാത്രമാണ് എഫ്.ഐ.എം.എസ്. ഡേറ്റാ ബേസിൽ ഉൾപ്പെടുത്തുന്നത്.

(ബി) എഫ്.ഐ.എം.എസ്. ഡാറ്റാ ബേസിൽ പേര് രേഖപ്പെടുത്താത്ത എത്ര മത്സ്യത്തൊഴിലാളികൾ കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിലുണ്ടെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly